**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2413** **30-09-2025 - ൽ മറുപടിയ്ക്ക്**

**ചെറുവാടി ഗവ. ഹയർ സെക്കൻഡറി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന് സ്ഥല പരിമിതിയുള്ളതിനാലും നിർമ്മാണ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കാത്തതിനാലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച ചെറുവാടി ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് നിർമ്മാണ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കാത്തതിനാൽ (Access Width) കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ന്യൂനതകൾ രേഖപ്പെടുത്തി അസിസ്റ്റന്റ്എഞ്ചിനീയർ, LID&EW കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് തിരിച്ചയച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ സ്കൂളിന്റെ കെട്ടിടമായതിനാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ ഇളവനുവദിച്ച് സ്കൂളിന് കെട്ടിട നമ്പർ നൽകുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) | കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കുന്ന കാര്യം, ആർ ബി 3/284/2025/തസ്വഭവ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ